**കേരള സർക്കാർ**

**ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്**

**<u>പരിപത്രം</u>**

**നം.11/2022/ധന** **തിരുവനന്തപുരം, തീയതി:19/02/2022**

വിഷയം:- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) – വിവര ശേഖരണം - രണ്ട് ഘട്ടങ്ങളിലായി ലഭ്യമാക്കിയ വിവരങ്ങളുടെ പരിശോധന - നടപടിക്രമങ്ങൾ അന്തിമമായി പൂർത്തീകരിക്കുന്നത്- നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1) സ.ഉ.(അച്ചടി) നം. 54/2017/ധന തീയതി 24/04/2017.
2) സർക്കുലർ നം. 28/2018/ധന തീയതി 04/04/2018.
3) സർക്കുലർ നം. 73/2018/ധന തീയതി 07/08/2018.
4) സർക്കുലർ നം. 17/2019/ധന തീയതി 26/02/2019.
5) സർക്കുലർ നം. 41/2019/ധന തീയതി 06/05/2019.
6) സർക്കുലർ നം. 56/2019/ധന തീയതി 29/05/2019.
7) സർക്കുലർ നം. 110/2021/ധന തീയതി 22/11/2021.
8) സർക്കുലർ നം. 119/2021/ധന തീയതി 16/12/2021.
9) സർക്കുലർ നം. 124/2021/ധന തീയതി 31/12/2021.
10) കത്ത് നം.എച്ച്.ഐ 1/38/ധന തീയതി 02.02.2022

സൂചന (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ (MEDISEP) ഭാഗമായുള്ള രണ്ടാം ഘട്ട വിവരശേഖരണം സൂചന (7)-ലെ സർക്കുലർ നിർദ്ദേശ പ്രകാരം പുനരാരംഭിച്ചിരുന്നു. ആയതിന്റെ തുടർപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സൂചന (8), (9) പ്രകാരം നോഡൽ ഓഫീസർമാർ, ഡി.ഡി.ഒ. -മാർ, ട്രഷറി ഓഫീസർമാർ, ജീവനക്കാർ, പെൻഷൻകാർ എന്നിവർക്കുള്ള

വിവിധ നിർദ്ദേശങ്ങളും ലഭ്യമാക്കിയ വിവരങ്ങളിലെ തെറ്റുകൾ, തിരുത്തലുകൾ എന്നിവ വരുത്തി നോഡൽ ഓഫീസർ/ ട്രഷറി ഓഫീസർമാർ തലത്തിൽ ക്രോഡീകരിച്ചു ധനകാര്യ(ഹെൽത്ത് ഇൻഷുറൻസ്)വകുപ്പിൽ ലഭ്യമാക്കുന്നതിനുള്ള സമയപരിധി 16.01.2022 ആയി നിശ്ചയിച്ചും നൽകിയിരുന്നു. സംസ്ഥാനത്ത് നിലനിന്നിരുന്ന കോവിഡ് വ്യാപന സാഹചര്യം പരിഗണിച്ച് ടി സമയപരിധി 15.02.2022 ന് മുമ്പായി എന്ന് പുനർനിശ്ചയിച്ച് നിശ്ചിത പ്രഫോർമയിൽ ധനകാര്യ(ഹെൽത്ത് ഇൻഷുറൻസ്)വകുപ്പിൽ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നോഡൽ ഓഫീസർമാർക്കും ട്രഷറി ഓഫീസർമാർക്കും സൂചന (10) പ്രകാരം നൽകിയിരുന്നു. എന്നാൽ സമയപരിധിക്കുള്ളിൽ പല വകുപ്പുകളും ജീവനക്കാരുടെ പൂർണ്ണമായ വിവരങ്ങളും ട്രഷറികൾ പെൻഷൻകാരുടെ വിവരങ്ങളും പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ടി വിവരങ്ങൾ ക്രോഡീകരിച്ച് സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തത് നോഡൽ ഓഫീസർമാരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായും കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ ചുവടെ നൽകിയിരിക്കുന്ന കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ജീവനക്കാർ/പെൻഷൻകാർ ലഭ്യമാക്കിയ വിവരങ്ങളുടെ പരിശോധന നടത്തി തിരുത്തലുകൾ ഇനിയും പൂർത്തിയാക്കാത്ത ഡി.ഡി.ഒ -മാർ /ട്രഷറി ഓഫീസർമാർ ***25.02.2022*** ന് മുൻപായി നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്. ആ വിവരം ഡി.ഡി.ഒ -മാർ നോഡൽ ഓഫീസർമാരെ അറിയിക്കേണ്ടതും നോഡൽ ഓഫീസർമാർ ബന്ധപ്പെട്ട വകുപ്പുകളിലെ ജീവനക്കാരുടെ വിവരങ്ങൾ ഇതോടൊപ്പമുള്ള നിശ്ചിത പ്രഫോർമയിലും

| വകുപ്പിന്റെ പേര്* | വകുപ്പിന് കീഴിലുള്ള ആകെ ഓഫീസുകളുടെ എണ്ണം | ആകെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജീവനക്കാരുടെ എണ്ണം | മെഡിസെപ് വെരിഫിക്കേഷൻ കഴിഞ്ഞ ജീവനക്കാരുടെ എണ്ണം | അന്യത്ര സേവനത്തിലുള്ള ജീവനക്കാരുടെ എണ്ണം | LWA യിലുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|
| | | | | | | |

ട്രഷറി ഓഫീസർമാർ പെൻഷൻകാരുടെ വിവരങ്ങൾ ചുവടെ തന്നിരിക്കുന്ന പ്രഫോർമയിലും ***28.02.2022*** -ന് മുൻപായി ധനകാര്യ (ഹെൽത്ത്ഇൻഷുറൻസ്) വകുപ്പിന് financehealthinsurance@gmail.com എന്ന മെയിൽ ഐ.ഡി യിൽ ലഭ്യമാക്കേണ്ടതാണ്.

| വകുപ്പിന്റെ പേര് | ട്രഷറിയുടെ പേര് | ആകെ പെൻഷൻകാരുടെ എണ്ണം | മെഡിസെപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻകാരുടെ എണ്ണം | വെരിഫൈ ചെയ്തിട്ടുള്ള പെൻഷൻകാരുടെ എണ്ണം |
|---|---|---|---|---|
| ട്രഷറി | | | | |

***25.02.2022*** -ന ശേഷം മെഡിസെപ് ഡേറ്റാ സംബന്ധിച്ച കൂട്ടിച്ചേർക്കലുകളോ തിരുത്തലുകളോ അനുവദിക്കുന്നതല്ല. ആയതിനാൽ ടി സമയപരിധികഴിഞ്ഞും ജീവനക്കാർ/പെൻഷൻകാർ എന്നിവരുടെ മെഡിസെപ് വെബ്സൈറ്റിൽ ലഭ്യമാക്കിയ വിവരങ്ങളിൽ പൊരുത്തക്കേടുകളുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട ഡി.ഡി.ഒ /നോഡൽ ഓഫീസർമാർ, ട്രഷറി ഓഫീസർമാർ എന്നിവരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നതാണ്.

MEDISEP SCHEME പ്രകാരം NPS പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച ജീവനക്കാർക്ക് നിലവിൽ അംഗത്വത്തിന് ബാധകമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പദ്ധതി കാലയളവായ മൂന്ന് വർഷത്തെ ആകെ പ്രീമിയം തുക ഒറ്റത്തവണയായി മുൻകൂറായി ഒടുക്കി പദ്ധതിയിൽ ചേരുന്നതിന് താൽപര്യമുള്ള പക്ഷം അംഗത്വം സ്വീകരിക്കാവുന്നതാണ്. പ്രസ്തുത വ്യവസ്ഥയ്ക്ക് സമ്മതമുള്ള NPS പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച ജീവനക്കാർ ഈ പദ്ധതിയിൽ ചേരുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതും അപ്രകാരം സമ്മതമുള്ളവർ പൂരിപ്പിച്ച അപേക്ഷ ധനകാര്യ വകുപ്പിലെ ഹെൽത്ത് ഇൻഷുറൻസ് സെക്ഷനിൽ ***25.02.2022*** -ന മുൻപായി ലഭ്യമാക്കേണ്ടതുമാണ്.

എംപ്ലോയ്മെന്റ് വഴിയോ, TEN (Temporary Employment Number) നമ്പർ എന്നിവ നൽകിയോ നിയമിതരായ ജീവനക്കാർക്ക് SPARK മുഖേന ശമ്പളം നൽകിയിട്ടുണ്ടെങ്കിലും യാതൊരു വിധത്തിലും മെഡിസെപ് അംഗത്വത്തിന് അർഹതയില്ല. അതിനാൽ ഇപ്രകാരം ഉള്ളവരെ delete/deactivate/block എന്നിവയിൽ ഏതെങ്കിലും ഒരു ഓപ്ഷൻ ഉപയോഗിച്ച് ഡി.ഡി.ഒ./ നോഡൽ ഓഫീസർമാർ അവരുടെ അംഗത്വം റദ്ദാക്കേണ്ടതാണ്. MEDISEP പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം അംഗത്വത്തിന് അർഹതയില്ലാത്ത ജീവനക്കാരെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തുന്ന പക്ഷം ആയതിന്റെ ഉത്തരവാദിത്തം

ബന്ധപ്പെട്ട ഡി.ഡി.ഒ. -മാരിൽ നിക്ഷിപ്തമായിരിക്കും. ആയതിനാൽ പ്രസ്തുത വിഷയത്തിൽ ഡി.ഡി.ഒ. -മാർ അതീവ ശ്രദ്ധ ചെലുത്തേണ്ടതും അനർഹരായവരെ ഒഴിവാക്കേണ്ടതുമാണ്.

മെഡിസെപ് വെബ്സൈറ്റിൽ ലഭ്യമാക്കിയ ജീവനക്കാരുടെ/ പെൻഷൻകാരുടെ വിവരങ്ങളിലെ വിവിധ പിശകുകൾ പരിഹരിക്കുന്നതിനായി ധനകാര്യ (ഐ.ടി.എസ്. എഫ് ) വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഡി.ഡി.ഒ. / നോഡൽ ഓഫീസർമാർ / ട്രഷറി ഓഫീസർമാർ എന്നിവർ സമയ ബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിവരശേഖരണവും അതുമായി ബന്ധപ്പെട്ടുള്ള സൂചന (7),(8),(9) പ്രകാരം പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ നോഡൽ ഓഫീസർമാർ, ഡി.ഡി.ഒ. -മാർ, ട്രഷറി ഓഫീസർമാർ തുടങ്ങിയവർ കർശനമായി പാലിക്കേണ്ടതാണ്.

എ.ഷിബു

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും

അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും

ബഹു. ഗവർണറുടെ സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റേയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ , www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി [ഫയൽ നം.HI-2/10/2021-FIN(ഇ 1845780)]

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ